# വയനാട് പ്രകൃതി സംരക്ഷണ സമിതി
## സുൽത്താൻ ബത്തേരി

**<u>കൽപ്പറ്റ പത്രസമ്മേളനം തീയ്യതി 15/03/2003</u>**

മുത്തങ്ങ വന്യജീവി സങ്കേതത്തിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനോടനുബന്ധിച്ചുണ്ടായ ദാരുണ
സംഭവങ്ങളിൽ വയനാട് പ്രകൃതി സംരക്ഷണ സമിതിയെ പഴിചാരാൻ സംഘടിതമായി നടന്നുവ
രുന്ന കുത്സിത ശ്രമങ്ങളെ ഞങ്ങൾ ശക്തിയായി അപലപിക്കുന്നു.

വയനാട് പ്രകൃതി സംരക്ഷണസമിതി എല്ലാകാലത്തും ആദിവാസികൾക്കൊപ്പമാണ്. അതു
കൊണ്ടാണ് ഒരിക്കലും പതിച്ചുനൽകാൻ കഴിയാത്ത വന്യജീവിസങ്കേതം കയ്യേറുന്നതിൽ നിന്ന് ഒഴി
ഞ്ഞുനിൽക്കണമെന്നും പാവം ആദിവാസികളെ നിഗൂഢ താല്പര്യങ്ങളുടെ പേരിൽ ബലികൊടുക്ക
രുതെന്നും ജാനുവിനോടും ഗീതാനന്ദനോടും അഭ്യർത്ഥിച്ചത്. 1975 ലെ ആദിവാസി ഭൂനിയമം ഉപാധി
കളേതുമില്ലാതെ നടപ്പിലാക്കണമെന്നും, ഭൂരഹിതരായ എല്ലാ ആദിവാസികൾക്കും ഭൂമിയും തൊഴിലും
നല്കണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു.

സർക്കാരിന്റെ എല്ലാ തരത്തിലുമുള്ള ഭീകരതയേയും പോലീസ് അതിക്രമങ്ങളേയും ഞങ്ങൾ
ശക്തിയായി അപലപിക്കുന്നു. മാധ്യമങ്ങളുടെ സത്യം പറയാനുള്ള സ്വാതന്ത്ര്യത്തെ ഹനിക്കുന്ന നട
പടികളിൽ നിന്നും സർക്കാർ പിന്തിരിയണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

മുത്തങ്ങയിലെ സംഭവങ്ങൾക്ക് പിന്നിൽ പ്രവർത്തിക്കുന്ന നിഗൂഢ ശക്തികളെ പുറത്തു
കൊണ്ടുവരേണ്ടതുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ അതാവശ്യമാണ്. സർക്കാർ
തലത്തിൽ നടക്കുന്ന സ്വതന്ത്രമായ ജുഡീഷ്യൽ സ്വഭാവമുള്ള ഒരു അന്വേഷണത്തിലൂടെ മാത്രമേ
മുഴുവൻകുറ്റക്കാരേയും കണ്ടെത്താൻ കഴിയൂ എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

വനം കയ്യേറ്റം ഒഴിപ്പിക്കേണ്ടതാണെന്ന നിലപാടിൽ സമിതി ഉറച്ചുനിൽക്കുന്നു. ഇക്കാര്യത്തിൽ
ഞങ്ങളുടെ പ്രവർത്തനങ്ങൾ ജനാധിപത്യപരവും വ്യവസ്ഥാപിതവും ശരിയുമായിരുന്നു. അതിന്റെ
പേരിൽ എൻ. ബാദുഷയേയും തോമസ് അമ്പലവയലിനേയും പോലുള്ള പ്രവർത്തകരെ കൂട്ടായി
ആക്രമിച്ച് നിഷ്ക്രിയരാക്കാമെന്ന് ആരും വ്യാമോഹിക്കേണ്ടതില്ല. മുത്തങ്ങയിൽ ചോര ചിന്തിയ
തിന്റെ ഉത്തരവാദിത്തം സർക്കാരിനും ഗോത്രമഹാസഭക്കും അക്രമാസക്ത സമരത്തിന് ആദിവാസി
കളെ പ്രേരിപ്പിച്ച ചോരക്കൊതിയന്മാരായ സാംസ്ക്കാരിക പ്രവർത്തകർക്കുമാണ്. ആദിവാസികളട
ക്കമുള്ള തദ്ദേശീയരെ, ബന്ദികളാക്കി ക്രൂരമായി പീഢിപ്പിച്ചതിനെതിരെ എല്ലാ രാഷ്ട്രീയ കക്ഷികളു
ടേയും നേതൃത്വത്തിൽ നടന്ന മുന്നേറ്റമായിരുന്നു 18 ാം തീയതി മുത്തങ്ങയിലുണ്ടായത്. അതിൽ
അതിരുവിട്ട ഒരു പങ്കും പ്രകൃതി സംരക്ഷണ സമിതിപ്രവർത്തകർക്കുണ്ടായിരുന്നില്ല.

ചില മാധ്യമ പ്രവർത്തകരുടേയും സാംസ്കാരികപ്രവർത്തകരുടേയും പേരിലുണ്ടായ പോലീസ്
നടപടിയിൽ സമിതിപ്രവർത്തകരെ കക്ഷിചേർക്കുന്നത് തികച്ചും ഖേദകരമാണ്. ഇതുസംബന്ധിച്ചുള്ള
ഏതന്വേഷണത്തേയും സമിതി സ്വാഗതം ചെയ്യുന്നു. വയനാടിന്റെ പരിസ്ഥിതി രംഗത്ത് പ്രകൃതി
സംരക്ഷണ സമിതി കഴിഞ്ഞ കാൽനൂറ്റാണ്ടായി നടത്തിയ പ്രവർത്തനങ്ങൾ അറിയുന്നവരാണ് വയ
നാട്ടിലെ ജനങ്ങളും മാധ്യമ പ്രവർത്തകരും.

സമിതിയുടെ പ്രവർത്തനങ്ങൾക്ക് ഇന്നുവരെ സർക്കാരിൽ നിന്നോ സർക്കാരിതര ഏജൻസി
കളിൽ നിന്നോ ഒരു രൂപപോലും ഞങ്ങൾ സ്വീകരിച്ചിട്ടില്ല. ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് വയനാ
ട്ടിലെ ജനങ്ങളിൽനിന്നും കേരളത്തിലെ പ്രകൃതി സ്നേഹികളിൽ നിന്നും നിർലോപമായ സഹകര
ണങ്ങൾ എല്ലാകാലത്തും ലഭിച്ചിട്ടുണ്ട്. തുടർന്നും ഞങ്ങൾ അത് പ്രതീക്ഷിക്കുന്നു.

**തോമസ് അമ്പലവയൽ**

സെക്രട്ടറി



JOSEPH BOVE

Ramakrishnan Sajeev
Md. 0033.637752806
Land. -290826054